മിഷൻ 676 സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതി

328 (668) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഡിജിറ്റൽ കേരള പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതുവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. സർക്കാർ സേവനങ്ങളും സർവീസുകളും ഡിജിറ്റലായും ഇലക്ട്രോണിക്കായും കൈകാര്യം ചെയ്യുവാൻ പ്രാപ്തമാക്കുക എന്നതാണ് സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഡിജിറ്റൽ ഫയൽ സംവിധാനമായ ഇ-ഓഫീസ് സർക്കാർ ഓഫീസുകളിൽ നടപ്പിലാക്കുക, എല്ലാ സർക്കാർ വകുപ്പുകളിലും ഡിജിറ്റൽ ഡേറ്റാബേസ് ഉണ്ടാക്കുക, ഇ-മെയിലുടെയും മറ്റും സർക്കാരുമായി ആശയ വിനിമയത്തിന് പൊതുജനങ്ങളെ പ്രേരിപ്പിക്കുക, പഞ്ചായത്തു തലംവരെ KSWAN കണക്ഷൻ ലഭ്യമാക്കുക, സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ സിഗ്നേച്ച റോടുകൂടി ഓൺലൈൻവഴി ലഭ്യമാക്കുക, സർക്കാരിലേക്കുള്ള പണമിടപാടുകൾ ഇ-പേയ്മെന്റ് ഗേറ്റ് വേവഴി നടത്തുക, പഞ്ചായത്ത് തലംവരെ ഒപ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് (NOFN) ഏർപ്പെടുത്തുക, സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത കൈവരിക്കുക എന്നീ കാര്യങ്ങളാണ് ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സർക്കാർ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ ലക്ഷ്യം കൈവരിക്കാനായി നിരവധി ഇ-ഗവേണൻസ് പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കുന്നുണ്ട്. സർക്കാർ സേവനങ്ങൾ ഓൺലൈനായി നൽകുന്ന ഇ-ഡിസ്ട്രിക്ട്, ഇ-പ്രൊക്യൂർമെന്റ്, എം-ഗവേണൻസ്, ഇ-പേയ്മെന്റ് ഗേറ്റ് വേ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ നിരവധി പദ്ധതികളും സ്റ്റേറ്റ് ഡാറ്റാ സെന്റർ, കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, സെക് വാൻ തുടങ്ങിയ ഐ.ടി. അടിസ്ഥാന സൗകര്യ വികസന പദ്ധതികളും നടപ്പാക്കി വരുന്നതിന് പുറമെ സർവ്വീസ് പ്ലസ്, ഇ-ഓഫീസ്, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് തുടങ്ങിയ നൂതന പദ്ധതികളും നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ വ്യാപനവും സർക്കാർ ജീവനക്കാർക്ക് ഇ-ഗവേണൻസിൽ പരിശീലന പരിപാടിയും ഇ-ഗവേണൻസ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി&ഡി) നൂതന ഇ-ഗവേണൻസ് പദ്ധതികളായ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ, സർവീസ് പ്ലസ്, ഇ-ഓഫീസ്, സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ സമയ ബന്ധിതമായും കാര്യക്ഷമതയോടുകൂടി പൂർത്തിയാക്കുന്നതിനും പദ്ധതി നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായും വകുപ്പ് സെക്രട്ടറിമാരും വകുപ്പ് തലവൻമാരും അംഗങ്ങളായിട്ടുള്ള സംസ്ഥാന അപ്പക്സ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്.

ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചുവരുന്ന കമ്പനികൾ

329 (669) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചുവരുന്ന കമ്പനികളുടെ പേരുവിവരം ജീവനക്കാരുടെ എണ്ണം സഹിതം പ്രത്യേകമായി ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പാർക്കുകളിൽ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പേരുവിവരം സഹിതം അറിയിക്കുമോ ;

(സി) സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്ഥാപനങ്ങൾ ഐ.ടി. (IT) പാർക്കുകളിൽ ആരംഭിക്കുവാനുള്ള തീരുമാനം അടിയന്തരമായി കൈക്കൊള്ളുമോ ;

(ഡി) ഐ.ടി (IT) മേഖലയെ കൂടുതൽ വികേന്ദ്രീകൃതമാക്കുന്നതിന് എല്ലാ ജില്ലകളിലും ഐ.ടി.(IT) പാർക്കുകളുടെ ഹബ്ബുകൾ സ്ഥാപിക്കുന്നതിന് ശ്രമമുണ്ടാകുമോ ?